"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ല - വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ആർ. വെള്ളയ്യനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ വി കുര്യാക്കോസിനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.203/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/01/2020

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.11.2017-ലെ ഇ8(എസ് സി 43/2017/ഇടുക്കി)23632/2017നമ്പർ കത്ത്

2 സർക്കാരിന്റെ 16.10.2018-ലെ 178/ഇപിബി2/2018/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. ആർ. വെള്ളയ്യൻ സമർപ്പിച്ച 20.12.2018-ലെ പ്രതിവാദ പത്രിക

<u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ പെരിയാർ ടൗണിൽ കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ കെട്ടിടം പണിതു എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ മുൻനിർത്തി വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ആർ. വെള്ളയ്യനെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

ശ്രീ. റസാക്ക് മൈയ്തീൻ, അനിതാ മൻസിൽ, വണ്ടിപ്പെരിയാർ എന്നയാൾ വണ്ടിപ്പെരിയാർ ടൗണിൽ 431-ാം നമ്പർ കെട്ടിടം പൊളിച്ച് നിർമ്മിച്ച കെട്ടിടത്തിനാണ് 5-ാം വാർഡിന്റെ 431-എ, 431-ബി, 431-സി, 431-ഡി എന്നീ നമ്പരുകൾ നൽകിയിട്ടുള്ളതെന്നും, ടി കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് കൊടുത്തതിന്റെയും നമ്പർ അനുവദിച്ചതിനെയും കുറിച്ച് കൂടുതൽ അന്വേഷണം നടത്തിയതിൽ എ4-10358/2010 നമ്പരായി 04.11.2010-ൽ 62 ച.മീ. പ്ലിന്ത് ഏരിയയിൽ റസിഡൻഷ്യൽ ബിൽഡിംഗിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മിക്കുന്നതിന് വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് പെർമിറ്റ് അനുവദിച്ച നൽകിയിട്ടുണ്ടെന്ന് നിലവിലെ സെക്രട്ടറി ലഭ്യമാക്കിയ എ4-10358/2010 ഫയൽ പരിശോധിച്ചതിൽ നിന്നും കാണുന്നു. കൂടാതെ ടി കെട്ടിട ഉടമ കെട്ടിട നിർമ്മാണ ചട്ടങ്ങൾ മറികടന്ന് 4 നിലകൾ കൂടി ആയതിനു മുകളിൽ അനുമതി ഇല്ലാതെ നിർമ്മിച്ചിട്ടുള്ളതായും മനസ്സിലാക്കുന്നു.

ശ്രീ. റസാക്ക് മൈയ്തീൻ എന്നവർക്ക് വണ്ടിപ്പെരിയാർ ടൗണിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ അനധികൃതമായി നിർമ്മിച്ചിട്ടുള്ള 431–എ, 431–ബി, 431–സി, 431–ഡി എന്ന കെട്ടിടത്തിന് നമ്പർ അനുവദിച്ചു നൽകിയത് അന്നത്തെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വെള്ളയ്യൻ ആണെന്നും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ മിന്നൽ പരിശോധനയിൽ ടി കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലും, ടി കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനായി പഞ്ചായത്ത് പരിശോധിച്ച ഇൻസ്പെക്ഷൻ റിപ്പോർട്ട് ഉൾപ്പെടുന്ന ഫയലും പഞ്ചായത്തിൽ കാണുന്നില്ലെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

കുറ്റപത്രത്തിന് ശ്രീ. ആർ. വെള്ളയ്യൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ശ്രീ. റസാക്ക് മൈയ്തീൻ സമർപ്പിച്ച രേഖകളുടെയും ബിൽഡിംഗ് സെക്ഷൻ ക്ലാർക്കിന്റെ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് കെട്ടിടത്തിന് നികുതി ഈടാക്കി കെട്ടിട നമ്പർ നൽകിയതെന്നും വണ്ടിപ്പെരിയാർ ടൗണിൽ കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ കെട്ടിടം പണിതു എന്നതു സംബന്ധിച്ച് പെർമിറ്റ് കൊടുത്ത വേളയിലും കെട്ടിട നമ്പറിനു വേണ്ടി അപേക്ഷ സമർപ്പിക്കുന്ന വേളയിലും പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് രേഖാമൂലമോ അല്ലാതെയോ പഞ്ചായത്ത് ഓഫീസിൽ പരാതി ലഭിച്ചിട്ടില്ലാത്തതാണെന്നും ആയതിനാൽ ഈ വിഷയത്തിൽ സെക്രട്ടറിയായിരുന്ന താൻ യാതൊരുവിധ ക്രമക്കേടുകളും നടത്തിയിട്ടില്ലായെന്നും ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. വെള്ളയ്യനെതിരെ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ സെക്രട്ടറിയായിരുന്ന ശ്രീ. ആർ. വെള്ളയ്യനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. ആർ. വെള്ളയ്യനെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ വി കുര്യാക്കോസിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ശ്രീ. ആർ. വെള്ളയ്യന് ലഭ്യമാക്കി പ്രസ്തുത വിവരം സഹിതം അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. കെ വി കുര്യാക്കോസ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

   (പരാമർശം (1) മുതൽ (4) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. ആർ. വെള്ളയ്യൻ, മുൻ സെക്രട്ടറി, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/178/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ